# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5993** — **8.7.2013-ൽ മറുപടിക്ക്**

### ഹരിത ഗ്രാമം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>,, ഹൈബി ഈഡൻ<br>,, റ്റി. എൻ. പ്രതാപൻ<br>,, തേറമ്പിൽ രാമകൃഷ്ണൻ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പു മന്ത്രി) |
| എ) ശുചിത്വമിഷൻ വഴി നടപ്പാക്കുന്ന ഹരിതഗ്രാമം പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | എ) ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലെ ശുചിത്വം കാത്തുസൂക്ഷിക്കുന്നതിനായി റോഡ്, പൊതുസ്ഥലങ്ങൾ, ജലാശയങ്ങൾ തുടങ്ങിയവയുടെ ശുചിത്വം കാത്തുസൂക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഈ പദ്ധതി വഴി നടപ്പിലാക്കിവരുന്നത്. |
| ബി) ആരെല്ലാമാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്; വിശദാംശം അറിയിക്കുമോ? | ബി) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ശുചിത്വമിഷനുമാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്. |
| സി) എത്ര കോടി രൂപ ഈ പദ്ധതിക്ക് വേണ്ടി അനുവദിച്ചിട്ടുണ്ട് ; | സി) 2013-14-ൽ 2.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| ഡി) പദ്ധതി ഊർജ്ജിതമായി നടപ്പാക്കാൻ എന്തെല്ലാംനടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കുമോ? | ഡി) പദ്ധതി തയ്യാറാക്കേണ്ടതും അവ നടപ്പിലാക്കേണ്ടതും ബന്ധപ്പെട്ട തദ്ദേശസ്വയഭരണ സ്ഥാപനങ്ങളാണ്. |

സെക്ഷൻ ഓഫീസർ